കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം. VLD1/09424/2019/(A&VC5)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി. 16.06.2023

## കാരണം കാണിക്കൽ നോട്ടീസ്

ചാലക്കുടി യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.അമീൻ അബ്ദുൾ ഖാദർ എന്ന താങ്കൾ 30.12.2018-ൽ സർവ്വീസിൽ കയറിയശേഷം കേവലം 3 ഡ്യൂട്ടികൾ ചെയ്തശേഷം 10/01/2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരായില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവുമാണ്. ആയത് കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. താങ്കളുടെ മേൽ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാകയാൽ സർവ്വീസിൽ നിന്നും നീക്കംചെയ്യാതിരിക്കുവാൻ കാരണം ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് 16.02.2021 തീയതിയായി കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതും ആയതിന് മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.തുടർന്ന് മേൽക്കാരണങ്ങളാൽ ചാലക്കുടി യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ. അമീൻ അബ്ദുൾ ഖാദർ എന്ന താങ്കൾക്ക് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 18.06.2021 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

താങ്കൾ കുറ്റപത്രത്തിന്മേൽ ഒരു വിശദീകരണം 17.08.2021 തീയതിയായി സമർപ്പിച്ചിട്ടുള്ളതുമാണ്. മറുപടി തൃപ്തികരമല്ല. തുടർന്ന് ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി കോതമംഗലം യൂണിറ്റധികാരിയ്ക്ക് കൈമാറുകയുണ്ടായി. അന്വേഷണ അധികാരി താങ്കളെ നേരിൽ കേൾക്കുകയും വാദിഭാഗത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 14.06.2022 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് 25.06.2022 തീയതിയായി താങ്കൾക്ക് അയച്ചു നൽകുകയും ആയതിന് 17.09.2022 തീയതിയായി വിശദീകരണം സമർപ്പിച്ചിട്ടുള്ളതുമാണ്.

ഒരു റിസർവ്വ് ജീവനക്കാരൻ നിരീക്ഷണ കാലയളവിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയായി കണ്ടെത്തുന്ന പക്ഷം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്ന ഗൗരവം അർഹിക്കുന്ന കുറ്റമാണ്. താങ്കളുടെ ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന് താങ്കൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല. താങ്കൾ 10.01.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും, അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത അച്ചടക്ക ലംഘനത്തിനു താങ്കൾക്ക് എതിരെ സ്വീകരിച്ച നടപടി ഒഴിവാക്കാൻ പര്യാപ്തമായ കാരണം കാണുന്നില്ല. ആകയാൽ ചാലക്കുടി യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.അമീൻ അബ്ദുൾ ഖാദർ എന്ന താങ്കളെ 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ. അമീൻ അബ്ദുൾ ഖാദർ എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ താങ്കളുടെ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ല എന്നനുമാനിക്കുന്നതും അനന്തരനടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ:ജോയിന്റ് സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

16/6/23 16/6/2023

സ്വീകർത്താവ്: ശ്രീ. അമീൻ അബ്ദുൾ ഖാദർ, റിസർവ്വ് കണ്ടക്ടർ, ചാലക്കുടി.
(ജില്ലാ അധികാരി, തൃശ്ശൂർ മുഖാന്തിരം)

പകർപ്പ്: ജില്ലാ അധികാരി, തൃശ്ശൂർ – ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.